KSIDC
Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

പത്രക്കുറിപ്പ് 04.03.2024

# ലോജിസ്റ്റിക്സ് പാർക്കുകൾക്ക് ഏഴ് കോടി രൂപവരെ നിക്ഷേപ സബ്സിഡി- കരട് നയം വ്യവസായവകുപ്പ് പുറത്തിറക്കി

കൊച്ചി: ലോജിസ്റ്റിക്സ് പാർക്കുകൾക്ക് ഏഴ് കോടി രൂപ വരെ നിക്ഷേപ സബ്സിഡി പ്രഖ്യാപിച്ച് ലോജിസ്റ്റിക്സ് കരട് നയം വ്യവസായവകുപ്പ് മന്ത്രി പി രാജീവ് പുറത്തിറക്കി. പത്ത് ഏക്കർ സ്ഥലമുള്ള പാർക്കിന് ഏഴ് കോടി രൂപയും അഞ്ചേക്കറുള്ള മിനി പാർക്കുകൾക്ക് മൂന്ന കോടി രൂപയുമാണ് സബ്സിഡി ശുപാർശ ചെയ്യുന്നത്.

ലോജിസ്റ്റിക്സ് പാർക്കുകളെ വ്യവസായ മേഖലയായി പ്രഖ്യാപിക്കുമെന്നും പാർക്കുകളുടെ അനുമതിക്ക് ഏകജാലക സംവിധാനം ഏർപ്പെടുത്തുമെന്നും കരട് നയം ശുപാർശ ചെയ്യുന്നുണ്ട്.സംസ്ഥാന വ്യവസായ-വാണിജ്യ ഡയറക്ടറേറ്റ് പുറത്തിറക്കിയ ഉത്തരവ് പ്രകാരം ലോജിസ്റ്റിക്സ് ആവശ്യങ്ങൾക്കായി വ്യവസായഭൂമി പുനർപാട്ടം ചെയ്യാനാകുമെന്നും വ്യവസായ-കയർ-നിയമ മന്ത്രി പി രാജീവ് പറഞ്ഞു. ലോജിസ്റ്റിക്സ് മേഖലയിലെ കരട് നയം അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒന്നരലക്ഷം കോടി രൂപയുടെ ഉത്പന്നങ്ങൾ സംസ്ഥാനത്തിന് പുറത്ത് നിന്ന് ഇവിടേക്കെത്തുന്നുണ്ട്. ഈ സാധ്യത പൂർണമായും ഉപയോഗപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു. മേഖലയിലെ വ്യവസായപങ്കാളികളെ ഉൾപ്പെടുത്തി ലോജിസ്റ്റിക്സ് കൺസൽറ്റേറ്റീവ് ഫോറം യോഗവും ഇതോടനുബന്ധിച്ച് നടന്നു.

കരട് നയപ്രകാരം ലോജിസ്റ്റിക്സ് മേഖലയ്ക്ക് ആവശ്യമായ നൈപുണ്യശേഷി വികസന പദ്ധതികൾ ആവിഷ്കരിക്കും. സ്റ്റോറേജ്, ഗതാഗതം, മറ്റ് സേവനങ്ങൾ എന്നീ മേഖലകളിലാണ് നൈപുണ്യവികസന പദ്ധതികൾ. ലോജിസ്റ്റിക്സ് പാർക്കുകൾ, മിനി ലോജിസ്റ്റിക്സ് പാർക്കുകൾ എന്നിവയ്ക്ക് സ്റ്റാംപ് ഡ്യൂട്ടി ഇളവ് കരട്നയം ശുപാർശ ചെയ്യുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സംസ്ഥാന ലോജിസ്റ്റിക്സ് കോ-ഓർഡിനേഷൻ സമിതി, വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായി സംസ്ഥാന ലോജിസ്റ്റിക്സ് സെൽ, നഗരങ്ങൾക്കായി പ്രത്യേക സമിതി എന്നിവയും കരട് നയത്തിൽ വിഭാവനം ചെയ്യുന്നു.

ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ലോജിസ്റ്റിക്സിന് കേരളത്തിൽ പ്രത്യേക പ്രാധാന്യമുണ്ടെന്ന് വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല പറഞ്ഞു. രാജ്യത്തെ എഫ്എംസിജി ഉത്പന്നങ്ങളിൽ ആറുശതമാനത്തിലധികം കേരളമാണ് ഉപയോഗിക്കുന്നത്. ഈ സാധ്യത ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് മേഖലയിൽ എങ്ങിനെ തൊഴിലവസരങ്ങൾ കൊണ്ടുവരാമെന്നതാണ് സമഗ്രനയത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

അതിരുകളില്ലാത്ത സാധ്യതകളാണ് ലോജിസ്റ്റിക്സ് മേഖലയിൽ കേരളത്തിനുള്ളതെന്ന് കെഎസ്ഐഡിസി ചെയർമാൻ പോൾ ആന്റണി പറഞ്ഞു. ഈ മേഖലയ്ക്ക് വളരാനാവശ്യമായ എല്ലാ സൗകര്യങ്ങളും സർക്കാർ നൽകും. എന്നാൽ ഇതിലെ വ്യവസായപങ്കാളികൾക്ക് വലിയ പങ്ക് വഹിക്കാനുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ലോജിസ്റ്റിക്സ് മേഖലയിലെ കരട് നയം വ്യവസായവകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ എസ് ഹരികിഷോർ യോഗത്തിൽ അവതരിപ്പിച്ചു. മേഖലയിലെ വ്യവസായപങ്കാളികളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ജൂൺ മാസത്തോടെ നയം അംഗീകാരത്തിനായി സമർപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. കെഎസ്ഐഡിസി  ജനറൽ മാനേജർ വർഗീസ് മാലാക്കാരൻ നന്ദി അറിയിച്ചു.

**PRESS RELEASE**

**Investment subsidy up to Rs 7 crore for logistics parks - Industries Department releases draft policy**

**Kochi, March 04:** Industry Minister P Rajeev released the draft logistics policy today, announcing an investment subsidy of up to Rs 7 crore for logistics parks in Kerala. According to the proposal, a 10-acre logistics park will get a subsidy of Rs 7 crore, while it is Rs 3 crore for a five-acre mini-park.

The draft policy also recommends declaring logistics parks as industrial zones and establishing a single window system for approval of the parks.

According to the order issued by the state's Directorate of Industries and Commerce, industrial land can be released for logistics purposes, said Shri P Rajeev, the Minister for Law, Industries and Coir.

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

"Products worth one and a half lakh (1.5 trillion) rupees are arriving in Kerala from other Indian states, and this opportunity should be fully utilised," the minister said, while presenting the draft policy.

A meeting of the Logistics Consultative Forum involving industry stakeholders in the region was also held in connection with the unveiling of the draft policy to tap into India's logistics industry, which is growing by 8.8 per cent annually.

As per the draft policy, the skill development projects required for the logistics sector will be formulated in the areas of storage, transportation and other services.

The draft policy recommends stamp duty exemption for logistics and mini logistics parks. It also envisages a state-level Logistics Coordination Committee headed by the Chief Secretary, a Logistics Cell headed by the Principal Secretary of the Industries Department and a Special Committee for Cities.

Shri Suman Billa, Principal Secretary of Industries Department, said that logistics was of special importance in Kerala as a consumer state. "Kerala consumes more than 6 percent of fast-moving consumer goods (FMCG) in the country," he said. "The government intends to use this potential to bring employment opportunities in the logistics sector through a comprehensive policy," he added.

KSIDC Chairman Paul Antony said that Kerala had limitless possibilities in the logistics sector and the government would provide all necessary facilities for its growth. "But the industry players have a big role to play in this," he added.

S Harikishore, Director, Industries Department, and MD, Kerala State Industrial Development Corporation (KSIDC), made a detailed presentation on the policy at the meeting.

"The government intends to submit the policy for approval by June after considering the suggestions received from the stakeholders in the field," he said.

…………………………………………………………………………………..